പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.4760

18.12.2014 ൽ
മറുപടിക്ക്

# തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയം സ്ഥിതിചെയ്യുന്ന റവന്യൂ ഭൂമി

ചോദ്യം
ശ്രീ.കോടിയേരി ബാലകൃഷ്ണൻ :

ഉത്തരം
ശ്രീ . അടൂർ പ്രകാശ്
(ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ)<br><br><br><br>(ബി) | തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയം സ്ഥിതി ചെയ്യുന്ന റവന്യൂ ഭൂമി നഗരസഭയ്ക്ക് കൈമാറണമെന്നാവശ്യ പ്പെട്ട് നിവേദനം ലഭ്യമായിട്ടുണ്ടോ ;<br><br>എങ്കിൽ ഇതിൻമേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ ; | (എ)<br>&<br>(ബി) | തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയം സ്ഥിതി ചെയ്യുന്ന റവന്യൂ ഭൂമി നഗരസഭയ്ക്ക് കൈമാറണമെന്നാവശ്യപ്പെട്ട് 20.08.2011 ന് സർക്കാരിൽ ലഭ്യമാക്കിയ അപേക്ഷയിൽ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് 24.09.2014 ൽ ബഹു.പ്രതിപക്ഷ ഉപനേതാവ് റവന്യൂ വകുപ്പിന് കത്തു നൽകിയിരുന്നു. ആയത് പരിശോധിച്ചതിൽ 20.08.11 ലെ കത്ത് തദ്ദേശസ്വയംഭരണ വകുപ്പിന് നൽകിയതാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും പ്രസ്തുത വിഷയത്തിൽ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. |
| (സി) | റവന്യൂ ഭൂമി കൈമാറുന്നതിന് നിയമപരമായ തടസ്സങ്ങൾ ഉണ്ടെങ്കിൽ വിശദീകരിക്കാമോ ? | (സി) | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കി നിയമാനുസൃത തുടർനടപടികൾ സ്വീകരിക്കുന്നതാണ്.<br><br>സെക്ഷൻ ഓഫീസർ |